10/01/2026

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS)10/01/2026

1. നെല്ലിയാമ്പതി ഗവൺമെൻറ് ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ NATOURA' 26 എന്ന പേരിൽ ഒരു അഗ്രി ഹോർട്ടി ടൂറിസം ഫെസ്റ്റ് 2026 ഫെബ്രുവരി 5 മുതൽ 9 വരെ ഗവൺമെന്റ് ഓറഞ്ച് & വെജിറ്റബിൾ ഫാം നെല്ലിയാമ്പതിയിൽ നടത്തുന്നു. വിവിധ പ്രദർശന വിപണന സ്റ്റാളുകൾ, പുഷ്പ ഫല സസ്യ പ്രദർശനം, കാർഷിക സെമിനാറുകൾ, ക്വിസ് മൽസരങ്ങൾ, ഫുഡ് ഫെസ്റ്റ് കലാകായിക മത്സരങ്ങൾ എന്നീ പരിപാടികളോടെയാണ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള മെയിൻ ക്യാമ്പസ് വെള്ളാനിക്കരയിലെ കോളേജുകളിൽ പാർട്ട് ടൈം സ്റ്റുഡന്റ് കൗൺസിലർമാരുടെ 2 താൽകാലിക ഒഴിവിലേക്ക് ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി 15.01.2026 ന് രാവിലെ 10 മണിക്ക് വെള്ളാനിക്കരയിലുള്ള ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയറിൽ വച്ച് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. പ്രതിമാസ വേതനം 30,000/- രൂപ. വിശദ വിവരങ്ങൾക്ക് www.kau.in സന്ദർശിക്കുക. ഫോൺ നമ്പർ 8547158458.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി SMAM). പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. 2025-2026 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി 31/12/2025 മുതൽ http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവകലാശാല വെള്ളായണി കാർഷിക കോളേജ് സെന്റർ ഫോർ അഗ്രികൾച്ചറൽ ഇന്നവേഷൻ ആൻഡ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ടെക്നോളജി ട്രാൻസ്ഫർ CAITT Vellayani യുടെ ആഭിമുഖ്യത്തിൽ **പഴങ്ങൾ, പച്ചക്കറികൾ, അലങ്കാര സസ്യങ്ങളിലെ സസ്യപ്രജനന സാങ്കേതിക വിദ്യകൾ** എന്ന വിഷയത്തിൽ ജനുവരി മാസം 16, 17 തീയതികളിൽ പരിശീലനം നടത്തുന്നു. പരിശീലന ഫീസ് 3000/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺനമ്പർ 8891540778, ഇമെയിൽ caittvellayani@kau.in

5. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി ഗോട്ട് ആൻഡ് ഷീപ്പ് ഫാം, മണ്ണുത്തിയിൽ വച്ച് നൂതന സാങ്കേതികവിദ്യകളേയും രോഗപ്രതിരോധ മാർഗ്ഗങ്ങളേയും പരിചയപ്പെടുത്തുന്ന **ആട് ഫാമിങ്ങ്-ഭാവിയുടെ ബിസിനസ്** എന്ന വിഷയത്തിൽ പരിശീലനം 17.01.2026 ശനിയാഴ്ച്ച രാവിലെ 9 മുതൽ വൈകീട്ട് 5 വരെ സംഘടിപ്പിക്കുന്നു. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9447796219, 0487 2961100 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക. രജിസ്ട്രേഷൻ ചെയ്യാനുള്ള അവസാന തിയ്യതി 15.01.2026വൈകീട്ട് 5 മണി .

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

6. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2026 ജനുവരി മാസം കർഷകർക്കായി വിവിധ വിഷയങ്ങളിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചിരിക്കുന്നു. ജനുവരി 12 ന് സുസ്ഥിര ഡയറി ഫാമിംഗ്-അടിസ്ഥാന ആവശ്യകത, 21 ന് ആദായകരമായ പോത്ത് വളർത്തൽ, 23 ന് തെരുവുനായ നിയന്ത്രണവും സാമൂഹിക പ്രശ്നങ്ങളും എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ള കർഷകർ 04829-234323 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയങ്ങളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ് .

7. റബ്ബർപാൽസംഭരണം, സാന്ദ്രീകരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന, ഗുണമേന്മ നിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, ഫോം റബ്ബർ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ, കയർ ഫോം, കാർപെറ്റ് ബാക്കിങ് തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണം എന്നിവയിലുള്ള പരിശീലനം ജനുവരി 12 മുതൽ 16 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 9497487209 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്.

8. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 8547070773

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം